# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1168 31.10.2019 ൽ മറുപടിക്ക്**

### പാലാരിവട്ടം പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പാലാരിവട്ടം പാലം കോടതിയുടെ അനുമതിയില്ലാതെ പൊളിക്കരുതെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; | എ) | 10.10.2019 ലെ ഇടക്കാല ഉത്തരവ് പ്രകാരം കോടതിയുടെ അനുമതിയില്ലാതെ പൊളിക്കരുതെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| ബി) | പാലം നിർമ്മിച്ച കിറ്റ്കോ, പാലത്തിന് ഏതെങ്കിലും തരത്തിലുള്ള തകരാർ ഉള്ളതായി സർക്കാരിനെ രേഖാമൂലം അറിയിച്ചിരുന്നോ; | ബി) & സി) | തകരാർ സംബന്ധിച്ച് കിറ്റ്കോ സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല. RBDCK നിയമിച്ച കൺസൾട്ടന്റാണ് KITCO. |
| സി) | എങ്കിൽ പ്രസ്തുത അറിയിപ്പ് എന്നാണ് ലഭിച്ചത്; അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | | |
| ഡി) | ലോഡ് ടെസ്റ്റ് നടത്തി പാലത്തിന്റെ ബലം പരിശോധിക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അത് ചെയ്യാതെ പാലം പൊളിച്ച് പണിയുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | ഡി) | ആവശ്യമെങ്കിൽ ലോഡ് ടെസ്റ്റ് ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പാലങ്ങളുടെ ലോഡ് ടെസ്റ്റിനുള്ള IRC മാർഗ്ഗനിർദ്ദേശത്തിൽ ലോഡ് ടെസ്റ്റിനു ചില മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ പാരാഗ്രാഫ് 6.8.3 ഇപ്രകാരമാണ് "The structure shall not show any cracks more than 0.30mm for (normal) moderate exposure and 0.20mm for severe conditions of exposure, spalling or deflections which are incompatible with safety requirements, as prescribed in the relevant design codes" |

| | | | |
|---|---|---|---|
| | | | ഐ.ഐ.റ്റിയുടെ പരിശോധനയിൽ സ്ട്രക്ചറിന്റെ വിള്ളലുകൾ 0.30mm നേക്കാൾ കൂടുതൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ലോഡ് ടെസ്റ്റ് നടത്തേണ്ട ആവശ്യമില്ലെന്നാണ് സമിതി വിലയിരുത്തിയത് .ലോഡ് ടെസ്റ്റ് നടത്തുന്നതിന് IIT സമർപ്പിച്ച റിപ്പോർട്ടിലും , ഡോ.ഇ.ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ടിലും, സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലും ശുപാർശ ചെയ്തിട്ടില്ല. പാലാരിവട്ടം പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് ചെന്നൈ ഐ.ഐ.റ്റി യുടെ റിപ്പോർട്ട് ,ഡി.എം.ആർ.സി പ്രിൻസിപ്പൽ അഡ്വൈസർ ഡോ.ഇ.ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ ശുപാർശ പ്രകാരമാണ് പാലാരിവട്ടം പാലത്തിന്റെ പുനരുദ്ധാരണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. |
| ഇ) | പാലം പൊളിച്ച് പണിയുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; പാലം നിർമ്മിച്ച കിറ്റ്കോയിൽ നിന്നും ഈ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | സർക്കാരിനുണ്ടായ നഷ്ടം പാലം നിർമ്മിച്ച കോൺട്രാക്ടറിൽ നിന്ന് ഈടാക്കാൻ ആർ.ബി.ഡി.സി.കെയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലം പുനരുദ്ധാരണത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ DMRC യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ ചെലവ് സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**